# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3673 — 19/02/2013-ൽ മറുപടിക്ക്

## കടൽ രക്ഷാസേനയിൽ മത്സ്യത്തൊഴിലാളികൾക്ക് നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എം. ആരിഫ് | | ശ്രീ..കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വത്തിനുള്ള സംവിധാനം കണക്കിലെടുത്ത് കടൽ രക്ഷാസേനയിൽ മുങ്ങൽ വിദഗ്ധരായ പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് പരിശീലനം നൽകി നിയമിക്കുന്നതിനും മറൈൻ എൻഫോഴ്സ്മെന്റിൽ നീന്തൽ അറിയാവുന്നവരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | എ) | ഫിഷറീസ് വകുപ്പിൽ രൂപീകരിച്ചിട്ടുള്ള കടൽ സുരക്ഷാ സേനയിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട നീന്തൽ പ്രാഗത്ഭ്യവും ശാരീരിക ക്ഷമതയും, മാനസിക ശക്തിയും ഉള്ള വ്യക്തികളെയാണ് തെരഞ്ഞെടുത്ത് കടൽ രക്ഷാ പ്രവർത്തനത്തിൽ ട്രെയിനിംഗ് നൽകി സുരക്ഷാ സേനാംഗങ്ങളായി ഉപയോഗപ്പെടുത്തിയിട്ടുള്ളത് . ടി അംഗങ്ങൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ (NIWS) നിന്നും കടൽ രക്ഷാപ്രവർത്തനം, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, പവർബോട്ട് പ്രവർത്തനം എന്നിവയിൽ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ഡെപ്യൂട്ടേഷനിൽ വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നീന്തൽ ടെസ്റ്റ് നടത്തിയ ശേഷമാണ് ടി വിഭാഗത്തിൽ നിയമനം നൽകുന്നത്. |

| | | | |
|---|---|---|---|
| ബി) | ഡിസാസ്റ്റർ റിലീഫിൽ നിന്നും ഫണ്ട് ലഭിക്കത്തക്കവിധം മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് സീ റെസ്ക്യൂ എന്ന പേരിൽ ഒരു സ്ഥിരം സംവിധാനം കൊണ്ടു വരാൻ നടപടി എടുക്കുമോ? | ബി) | നിലവിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തി ഡിസാസ്റ്റർ റിലീഫ് ഫണ്ടിൽ നിന്നും ഫണ്ട് ലഭിക്കത്തക്കവിധം "മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് സീ റെസ്ക്യൂ" എന്ന പേരിൽ സ്ഥിരം സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ